മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

മലയാളവിഭാഗം

# പഠനഫലപ്രാപ്തി- ബിരുദാനന്തരബിരുദം

# PG-COURSE OUTCOME

## SEMESTER 1 - സെമെസ്റ്റർ ഒന്ന്:

മലയാളത്തിന്റെ വാമൊഴിവഴക്കങ്ങളായ പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, നാടോടിഗാനങ്ങൾ എന്നിവയിൽ ആരംഭിച്ച് ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിലൂടെ കടന്ന് പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരഘട്ടം വരെ നീളുന്ന മലയാളസാഹിത്യത്തിലെ പ്രാചീനവും മദ്ധ്യകാലവുമായ സാഹിത്യഘട്ടങ്ങളുടെ പദ്യ-ഗദ്യങ്ങളെ ചരിത്രപരമായും സാംസ്കാരികമായും അറിയുകയാണ് ഫലപ്രാപ്തി. കൃതികളെ സോദാഹരണം പരിചയപ്പെടുക എന്നതിനപ്പുറം സാഹിത്യപ്രസ്ഥാനമെന്ന നിലയിൽ വിശദമായ അവബോധം ഉണ്ടാകുന്നു. അതുകൊണ്ടുതന്നെ പ്രാചീനസാഹിത്യം, മദ്ധ്യകാലസാഹിത്യം എന്നിങ്ങനെ രണ്ട് കോഴ്സുകളിലായിട്ടാണ് ഈ പഠനം സംവിധാനം ചെയ്തിരിക്കുന്നത്.

ഭാഷാ-സാഹിത്യപഠനത്തോടൊപ്പം പ്രസക്തമാണ് കേരളസംസ്കാരപഠനവും. സംസ്കാരമെന്ന സങ്കല്പത്തിന് സംഭവിച്ച ധാരണാപരിണാമങ്ങളെ മനസ്സിലാക്കിക്കൊണ്ടും സൈദ്ധാന്തികമായ ചിന്തകൾക്കൊണ്ട് അടിത്തറസൃഷ്ടിച്ചുകൊണ്ടും പഠനസാമഗ്രികളെ വിശദമായി മനസ്സിലാക്കിക്കൊണ്ടും കേരളസംസ്കാരത്തെ വിശകലനം ചെയ്യുന്ന സൂക്ഷ്മപഠനമാണ് ഫലപ്രാപ്തി. സംഘകാലം മുതൽ നവകേരളംവരെയുള്ള കേരളസംസ്കാരത്തെ ഇങ്ങനെ അപഗ്രഥിക്കേണ്ടതുണ്ട്.

മലയാളഭാഷയുടെ വ്യാകരണ സിദ്ധാന്തങ്ങൾ, സങ്കല്പനങ്ങൾ എന്നിവയെ വിമർശനാത്മകമായി സമീപിക്കുകയും വ്യാകരണചരിത്രത്തെ മനസ്സിലാക്കുകയും

ചെയ്തുകൊണ്ട്, ഗവേഷണമേഖലയെന്ന നിലയിൽ വ്യാകരണമേഖലയെ തിരിച്ചറിയുകയും പരിണമിച്ചുകൊണ്ടിരിക്കുന്ന മലയാളഭാഷയുടെ വ്യാകരണനിയമങ്ങളെയും സിദ്ധാന്തങ്ങളെയും നവീകരിക്കുകയും ചെയ്യുക എന്നതാണ് ഫലപ്രാപ്തി.

ബിരുദാനന്തരബിരുദം, ഗവേഷണോന്മുഖമായ പഠനത്തെ വളർത്തുവാൻ ഉദ്ദേശിക്കുന്നതിനാൽ ഗവേഷണരീതിശാസ്ത്രസങ്കല്പനങ്ങളെ പരിചയപ്പെടുത്തുന്നു. പഠിക്കുന്ന കാര്യങ്ങളെ ഗവേഷണാത്മകമായി നോക്കിക്കാണുന്നതാണ് ഫലപ്രാപ്തി.

## SEMESTER 2 - സെമെസ്റ്റർ രണ്ട്:

പ്രാചീന – മദ്ധ്യകാലസാഹിത്യങ്ങളിലെ ഗദ്യപദ്യങ്ങളെ വിശദമായി അറിഞ്ഞശേഷം ആധുനികമലയാളഗദ്യത്തെയും പദ്യത്തേയും സൂക്ഷ്മമായി പഠിക്കേണ്ടതുണ്ട്. ആധുനികമലയാളഗദ്യം മലയാളഗദ്യത്തിന്റെ വളർച്ചപ്രാപിച്ച ഘട്ടമായതിനാൽ, ആധുനികമലയാളസാഹിത്യം- ഗദ്യം, ആധുനികമലയാളസാഹിത്യം- പദ്യം എന്നിങ്ങനെ രണ്ട് കോഴ്സുകളിലായി വിശദമായി മനസ്സിലാക്കുന്നു. സാഹിത്യപ്രസ്ഥാനം, ഭാവുകത്വപരിണാമം എന്നിങ്ങനെയുള്ള താളങ്ങളുടെ സവിശേഷമായ അപഗ്രഥനം സാധ്യമാകുന്നു.

ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യസമീപനങ്ങളെ അറിയുക എന്നത് സാഹിത്യസങ്കല്പം, സിദ്ധാന്തങ്ങൾ, സാഹിതീയഘടകങ്ങൾ, സർഗ്ഗാത്മകത തുടങ്ങിയ വിഷയങ്ങളുടെ താരതമ്യാത്മകവും വിവരണാത്മകവും സൂക്ഷ്മവും സാംസ്കാരികവുമായ അപഗ്രഥനത്തെ സാധ്യമാക്കുന്നു. സാഹിത്യാസ്വാദനം, പഠനം, മൂല്യനിർണ്ണയം എന്നിവയിൽ പ്രാഗത്ഭ്യം സിദ്ധിക്കുക എന്നതാണ് ഫലം. സൂക്ഷ്മപഠനത്തിന് സഹായകമാകുന്ന വിധം ഭാരതീയ- പാശ്ചാത്യസാഹിത്യമീമാംസകൾ രണ്ട് വ്യത്യസ്ത കോഴ്സുകളിലൂടെ പഠനവിധേയമാക്കുന്നു.

ഗവേഷണരീതിശാസ്ത്രസങ്കല്പനങ്ങളെ പരിചയപ്പെടുത്തുന്നു. പഠിക്കുന്ന കാര്യങ്ങളെ ഗവേഷണാത്മകമായി നോക്കിക്കാണുന്നതാണ് ഫലപ്രാപ്തി.

SEMESTER 3 - സെമെസ്റ്റർ മൂന്ന്:

പ്രാചീനത്തിൽ തുടങ്ങി ആധുനികതയിൽവരെ എത്തിനിന്ന മലയാളഭാഷാസാഹിത്യപഠനത്തിന്റെ അടുത്തഘട്ടമായ സമകാലികസാഹിത്യത്തിന്റെ ഗദ്യരൂപങ്ങളെ പഠനവിധേയമാക്കുന്നു. നോവൽ, കഥ, നാടകം, യാത്രാവിവരണം, ആത്മകഥ, ജീവചരിത്രം എന്നിവയുടെ സമകാലികമുഖം തിരിച്ചറിയുകയാണ് ഫലപ്രാപ്തി.

സാഹിത്യചരിത്രത്തെ രേഖീയമായി പഠിച്ചുവരുന്ന സമ്പ്രദായത്തെ പ്രശ്നവത്കരിക്കുന്ന പുതിയ സങ്കല്പമായ സാഹിത്യചരിത്രവിജ്ഞാനീയം പരിചയപ്പെടുന്നു. സിദ്ധാന്തം, സങ്കല്പങ്ങൾ എന്നിവ അറിഞ്ഞുകൊണ്ട് പാശ്ചാത്യ-പൗരസ്ത്യവീക്ഷണങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും മലയാളസാഹിത്യചരിത്രരചനയുമായി ചേർത്തുവച്ച് അപഗ്രഥിക്കുക എന്നതാണ് ഫലം. ഇത് പുതിയൊരു ഗവേഷണമേഖലയെക്കൂടി തുറന്നിടുന്നു.

മലയാളഭാഷയുടെ വ്യക്തിത്വവികസനത്തിൽ ഏറെ സ്വാധീനിച്ച സംസ്കൃതഭാഷയെ അറിയുക എന്നത് മലയാളഭാഷാവബോധത്തെ സഹായിക്കുന്നു.

ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യമീമാംസകൾ പരിചയപ്പെട്ടതിന്റെ തുടർച്ചയായി, മലയാളവിമർശനത്തിന്റെ ഭൂത-വർത്തമാനഘട്ടങ്ങൾ അറിയുന്നതിനെ തുടർന്ന് നിരൂപണപ്രാഗത്ഭ്യം വളർത്തുക എന്നതാണ് ഫലപ്രാപ്തി.

SEMESTER 4 - സെമെസ്റ്റർ നാല്:

സമകാലികമലയാളഗദ്യം വിശദമായി പഠനവിധേയമാക്കിയതുപോലെ, സമകാലികമായ മലയാളപദ്യവും അതിന്റെ പ്രസ്ഥാനസവിശേഷതകളും ഭാഷാ-പ്രമേയ-ഘടനാ-ഭാവ-സാംസ്കാരിക പ്രത്യേകതകളും അറിയുക എന്നതാണ് ഫലം.

മലയാളഭാഷയുടെ വ്യക്തിത്വവികസനത്തിൽ ഏറെ സ്വാധീനിച്ച സംസ്കൃതഭാഷയെ അറിയുക എന്നത് മലയാളഭാഷാവബോധത്തെ സഹായിക്കുന്നു എന്നതിനാൽ ഈ സെമസ്റ്ററിലും തുടരുന്നു.

ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാനസങ്കൽപ്പങ്ങൾക്ക് അപ്പുറത്ത് ആധുനികമായ ഭാഷാശാസ്ത്രസങ്കല്പങ്ങളെക്കൂടി പരിചയപ്പെടുകയും മലയാളഭാഷയുടെ വ്യവഹാരങ്ങളെ അത്തരത്തിൽ തിരിച്ചറിയുകയും ചെയ്യുക എന്നതാണ് ഫലപ്രാപ്തി. അതുപ്രകാരം ഭാഷയെന്ന സങ്കൽപം തന്നെ പുനർനിർവചിക്കപ്പെടുകയാൽ, ഭാഷയെ എന്നപോലെ സാഹിത്യമടക്കമുള്ള ഭാഷാവ്യവഹാരങ്ങൾക്കും സമീപനപരിണാമങ്ങൾ സംഭവിക്കുന്നു എന്ന് തിരിച്ചറിയുന്നു എന്നതും ഫലപ്രാപ്തിയാണ്.

വരമൊഴിയുടെ ആധികാരികതകൾക്കുപരിയായ, ഭാഷണസമൂഹത്തിലെ ഏതൊരു വിഭാഗത്തിന്റെയും ജീവിതസംസ്കാരത്തിലൂടെ സാഹിത്യ-ഭാഷാ-സംസ്കാരപഠനങ്ങൾ സാധ്യമാക്കുന്നതാണ് നാടോടിവിജ്ഞാനീയം. അധികാരവികേന്ദ്രീകൃതമായ ഒരു സാഹിത്യ-ഭാഷാ-സംസ്കാരബോധത്തെ വളർത്തുക എന്ന ജനാധിപത്യപരവും സാംസ്കാരികവൈപുല്യപരവുമായ ഫലപ്രാപ്തിയാണ് ഇതിനുള്ളത്.

മലയാളഭാഷാ-സാഹിത്യ-സംസ്കാരപഠനത്തിലൂടെ അറിഞ്ഞ ജ്ഞാനധാരകളിൽനിന്ന് വളർന്ന ഗവേഷണോന്മുഖമായ കാഴ്ചപ്പാടിനെ ഒരു ലഘുപ്രബന്ധത്തിലൂടെ തയ്യാറാക്കുന്നതോടെ ഗവേഷണ അഭിരുചിയും പരിപോഷിപ്പിക്കപ്പെടുന്നു.